പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1137 **15-10-2026-ൽ മറുപടിയ്ക്ക്**

കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ പ്രവർത്തനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഫൈസൽ ബാബു ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിലവിൽ നടപ്പിലാക്കി വരുന്നതും ഭരണാനുമതി ലഭിച്ചതുമായ വിവിധ റോഡ്, പാലം, കെട്ടിടം തുടങ്ങിയ വികസനപ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതി, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശവും ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും മണ്ഡലത്തിലെ ഗതാഗതസൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

മറുപടി: കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിലവിൽ നടപ്പിലാക്കി വരുന്നതും ഭരണാനുമതി ലഭിച്ചതുമായ റോഡ്, പാലം, കെട്ടിടം തുടങ്ങിയ വികസന പ്രവർത്തനങ്ങളുടെ വിവരങ്ങളും, ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതി, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങളും (കെട്ടിടങ്ങൾ, നിരത്തുകൾ, ദേശീയപാത, പാലങ്ങൾ. ഡിസൈൻ വിഭാഗങ്ങൾ) അനുബന്ധം 1 ആയി ചേർക്കുന്നു.

പ്രസ്തുത പദ്ധതികൾ സമയബന്ധിതമായ പൂർത്തീകരിക്കുന്നതിനും മണ്ഡലത്തിലെ ഗതാഗതസൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള റോഡ് ഫണ്ട് ബോർഡ് (KRFB) മുഖേന പ്രസ്തുത മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കി വരുന്ന റോഡ് വികസന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ പുരോഗതി എന്താണെന്നും വിശദീകരിക്കാമോ; നിർമ്മാണത്തിലുള്ള പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനും ഗതാഗത പ്രാധാന്യമുള്ള കൂടുതൽ റോഡുകൾ കേരള റോഡ് ഫണ്ട് ബോർഡ് പദ്ധതികളിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മറുപടി: കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ .എഫ്.ബി) മുഖേനയും, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി - പി.എം.യു മുഖേനയും പ്രസ്തുത മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കി വരുന്ന റോഡ് , പാലം പദ്ധതികളുടെ വിവരങ്ങളും അവയുടെ നിലവിലെ പുരോഗതിയും അനുബന്ധം-2 ആയി ചേർക്കുന്നു.

നിർമ്മാണത്തിലുള്ള പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1137 (എ) - കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികൾ

1. **കെട്ടിടങ്ങൾ വിഭാഗം**

Sl No	Name of Work	AS Number & Date	AS Amount (₹ lakh)	Expenditure	Status of Civil Work	Physical Progress	Financial Progress
1	RPH, Kozhikode - Construction of new building for Regional Public Health Lab, Kozhikode - Composite Work	GO(Rt) No. 396/2018/H&FWD dt 02/02/2018 (AS date 20-02-2018)	616	376.51	Civil work completed. Informed to Electrical wing for executing balance electrical work by using balance fund in the civil work.	100%	80%
2	Re-construction of Compound wall attached to Government Mental Health Centre, Kozhikode	GO(Rt) No. 3033/2023/H&FWD dt 17/11/2023	600	73.73	Work in progress. Second part bill waiting for LC.	50%	19%
3	Construction of Office Building for Deputy Director of Collegiate Education, Kozhikode	Order No. P(IT)/18110/2023/DCE dt 12/11/2023	300	0	Detailed architectural drawing submitted to Corporation for permission by client department on 04.02.2026. Investigation work completed. Soil investigation report submitted to division on 27.02.2026. Certification required for Corporation regarding the AR drawing as per KMBR rule for approval; direction given to AR wing.	0	0
4	NABARD RIDF-XXX (2024-25) - Augmentation & Strengthening of Infrastructure at Government Mental Health Centre, Kozhikode (Phase I)	GO(Rt) No. 2785/2024/H&FWD dt 18/11/2024	2800	0	Earth work and foundation work is in progress.	0	0

Sl No	Name of Work	AS Number & Date	AS Amount (₹ lakh)	Expenditure	Status of Civil Work	Physical Progress	Financial Progress
5	Kozhikode District Sahakarana Bhavan - Construction of New Building - Phase 1	GO(Rt) No. 134/2025/Co-op dt 11/03/2025	1350	0	Fund not deposited by the client department. Letter No. CEPWD-GEN/165/2025-A4(W)-BL dt 05.03.2026 submitted to client department for depositing the fund (₹1350 lakh). Reminder submitted on 12.10.2026. Soil investigation work completed.	0	0
6	Home Department – Judiciary - Refurbishing the entire building of the Chief Judicial Magistrate's Court, and major repairs in the buildings of JFCM Court–I & JFCM Court–V, Kozhikode	GO(Rt) No. 3089/2025/HOME dt 09/09/2025	200	0	External shade work in progress; internal work not started as court hall not shifted.	5%	0
7	Construction of De-Addiction Ward at Mental Health Centre, Kozhikode	GO(Rt) No. 3384/2025/H&FWD dt 02/11/2025	300	0	Letter No. DB1/20568/2025 submitted to Architectural wing on 23.06.2026 for preparation of AR drawing.	0	0
8	Construction of GUPS Kundungal, Kozhikode	GO(Rt) No. 5464/2018/GEDN dt 28/12/2018	100	49.16	RE approved on 30.06.2026.	100%	68%
9	Govt College of Teacher Education, Kozhikode 2021-22 - Construction of new classroom building	149/2019/RUSA-SPD dt 18/11/2021	100	0	GF slab completed.	45%	0
10	2018-19 LAC-ADS - Construction of school building for Parappil, Kozhikode Dist.	R.D.2-1079/19 dt 23-07-2019	50	0	Work could not start due to weak foundation soil; available fund not sufficient. Contractor not willing to execute; terminated vide order No. D3/BL/2019/1229 dt 17.11.2023.	0	0

Sl No	Name of Work	AS Number & Date	AS Amount (₹ lakh)	Expenditure	Status of Civil Work	Physical Progress	Financial Progress
11	LAC-ADS 2020-21 - Construction of school building for Govt. L.P. School Kinassery, Kozhikode Dist.	Rd3-4013/20 dt 21/01/2021 of Dist. Collector KKD	99	46.89	Work completed.	100%	60%
12	GENERAL - Government College of Teachers Education, Kozhikode - Renovation of Girls Room - Roof Repair & Toilet Repair - General Civil Work	GO(Rt) No. 929/2025/HEDN dt 17-07-2025	21.79	0	Roof work completed; leach pit work ongoing.	95%	0

2. നിരത്തുകൾ വിഭാഗം

ക്രമ നം.	പ്രവൃത്തിയുടെ പേര്	അടങ്കൽ തുക	ചിലവഴിച്ച തുക	നിലവിലെ അവസ്ഥ
1	കല്ലായ് മാനാരി റോഡ് പുനരുദ്ധാരണ പദ്ധതി	115 ലക്ഷം	-	ഇനീഷ്യൽ ലെവൽ സമർപ്പിച്ചിട്ടുണ്ട്.
2	പൊറ്റമ്മൽ - പാലാഴി പുത്തൂർമഠം റോഡ് - പുനരുദ്ധാരണ പദ്ധതി	309 ലക്ഷം	-	ഇനീഷ്യൽ ലെവൽ സമർപ്പിച്ചിട്ടുണ്ട്.
3	ഗുരുവായൂരപ്പൻ കോളേജ് റോഡ് പുനരുദ്ധാരണ പദ്ധതി	110 ലക്ഷം	75,92,514/-	പ്രവൃത്തി 90% പൂർത്തിയായി.
4	LAC-ADS - മെഡോൾ താഴം ഡ്രെയിനേജ് പ്രവൃത്തി കം ഫുട്ട്പാത്ത്	20 ലക്ഷം	-	ഡ്രെയിനേജ് പ്രവൃത്തി പുരോഗമിക്കുന്നു.
5	LAC-ADS - പള്ളിക്കണ്ടി അഴീക്കൽ പുനരുദ്ധാരണ പ്രവൃത്തി	20 ലക്ഷം	-	പ്രവൃത്തിയുടെ സ്ഥലം കൈമാറി നൽകിയിട്ടുണ്ട്.
6	LAC-ADS - നാലുകോടി പറമ്പ DR വാൾ പ്രവൃത്തി	20 ലക്ഷം	-	പ്രവൃത്തി 70% പൂർത്തിയായി.
7	കോവൂർ - ചേനത്തൊടിതാഴം അത്താണി റോഡിന്റെ വികസനം	1500 ലക്ഷം	-	സ്ഥലമെടുപ്പ് നടപടികൾ പുരോഗതിയിലാണ്.

ക്രമ നം.	പ്രവൃത്തിയുടെ പേര്	അടങ്കൽ തുക	ചിലവഴിച്ച തുക	നിലവിലെ അവസ്ഥ
8	ബാങ്ക് റോഡ് ജംഗ്ഷൻ - ബീച്ച് റോഡ് ഉപരിതലം പുതുക്കുന്ന പ്രവൃത്തി	100 ലക്ഷം	-	ഡ്രെയിനേജ് പ്രവൃത്തി പുരോഗതിയിലാണ്.
9	കരിക്കാംകുളം - മാങ്കാവ് എം.എൽ.എ റോഡിൽ KWA പൈപ്പ് ലൈൻ സ്ഥാപിച്ചതിന്റെ പുനരുദ്ധാരണ പ്രവൃത്തി	132.05 ലക്ഷം	-	BM പൂർത്തീകരിച്ചു.
10	ഫ്രാൻസിസ് റോഡ് ജംഗ്ഷൻ കോന്തനാരി റോഡ് കി.മീ. 1/900 മുതൽ 3/000 വരെ, 4/500 മുതൽ 5/000 വരെ ഉപരിതലം പുതുക്കുന്ന പ്രവൃത്തി	90 ലക്ഷം	-	ടെണ്ടർ നടപടിയിലാണ്.
11	രാജാജി - റാംമോഹൻ റോഡ് സ്റ്റേഡിയം ജംഗ്ഷൻ മുതൽ ചിന്താവളപ്പ് വരെ ഉപരിതലം പുതുക്കുന്ന പ്രവൃത്തി	60 ലക്ഷം	-	ടെണ്ടർ നടപടിയിലാണ്.
12	റെയിൽവെ സ്റ്റേഷൻ ലിങ്ക് റോഡ് ഉപരിതലം പുതുക്കുന്ന പ്രവൃത്തി	60 ലക്ഷം	-	ടെണ്ടർ നടപടിയിലാണ്.

3. ദേശീയപാത വിഭാഗം

ക്രമ നം.	പ്രവൃത്തിയുടെ പേര്	അനുവദിച്ച തുക	ചിലവഴിച്ച തുക	നിലവിലെ പുരോഗതി
1	General BM rectification and BC renewal between km 247/370 to 248/700 of Old NH-66 Pushpa Junction to Panniyankara	₹1,50,00,000/-	നിലവിൽ തുകയൊന്നും ചിലവഴിച്ചിട്ടില്ല	7% (പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല)
2	General - Bus shelter at Mananchira (Muthalakulam) on Old NH-66	₹34,00,000/-	നിലവിൽ തുകയൊന്നും ചിലവഴിച്ചിട്ടില്ല	80% (പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല)
3	General - Interlock laying on foot path near Mananchira - General - Civil Work	₹25,00,000/-	നിലവിൽ തുകയൊന്നും ചിലവഴിച്ചിട്ടില്ല	10%

4. പാലങ്ങൾ വിഭാഗം

ക്രമ നം.	പ്രവൃത്തിയുടെ പേര്	അനുവദിച്ച തുക	ചിലവഴിച്ച തുക	പ്രവൃത്തിയുടെ പുരോഗതി
1	മാങ്കാവ് മഞ്ചക്കൽ തോടിനു കുറുകെയുള്ള പാലത്തിന്റെ അറ്റകുറ്റപ്പണി	10 ലക്ഷം	6,29,899/-	പൂർത്തീകരിച്ചു
2	ഒട്ടുമ്പ്ര പാലത്തിന്റെ അറ്റകുറ്റപ്പണി	31 ലക്ഷം	17,01,023/-	പ്രവൃത്തി പുരോഗതിയിലാണ്

5. ഡിസൈൻ വിഭാഗം (ഡി.പി.ആർ ഘട്ടത്തിലുള്ള പ്രവൃത്തികൾ)

ക്രമ നം.	പ്രവൃത്തിയുടെ പേര്	നിലവിലെ സ്ഥിതി
1	KCRIP - Phase II - Mini Bypass - Panathuthazham Flyover	പ്രവൃത്തിയുടെ DPR 08.03.2021 ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ.ആർ.എഫ്.ബി ക്ക് സമർപ്പിച്ചിരുന്നു. അലൈൻമെന്റിൽ ചില ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ടുള്ള കെ.ആർ.എഫ്.ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കത്ത് 10.08.2026 ന് ലഭിച്ചു. ആയത് പരിഗണനയിലാണ്.
2	Construction of Flyover across NH-66 at Km 244/400 (Netaji Junction) along CWRDM Panathuthazham road	പ്രവൃത്തിയുടെ ഡി.പി.ആർ 20.01.2026 ന് ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേക്ക് സമർപ്പിച്ചിട്ടുണ്ട്.
3	RKI - Preparation of DPR for Medical College - Mavoor - Koolimad - Pannikkode - Eranhimav Road & Kozhikode Mavoor Road (Mavoor Road Junction (Kozhikode) - Arayidathupalam road 0/000-1/200 and Medical College - Mavoor road 0/000 to 13/870)	പ്രവൃത്തിയുടെ ഡ്രാഫ്റ്റ് അലൈൻമെന്റ് അംഗീകാരത്തിനായി 04.05.2023 ന് ചീഫ് എഞ്ചിനീയർ, കെ.എസ്.ടി.പി ക്ക് സമർപ്പിച്ചിരുന്നു. പി.ഡബ്ല്യു.ഡിയുടെ വിവിധ വിഭാഗങ്ങൾ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL) ഉൾപ്പെടെയുള്ള എല്ലാ ഏജൻസികളെയും പങ്കെടുപ്പിച്ച് ഒരു സംയുക്ത യോഗം വിളിച്ചു ചേർക്കുന്നതാണെന്ന് അറിയിച്ചുകൊണ്ടുള്ള ചീഫ് എഞ്ചിനീയർ, കെ.എസ്.ടി.പിയുടെ കത്ത് 01.10.2026 ന് ലഭിച്ചിട്ടുണ്ട്. അതിനുശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

അനുബന്ധം - 2

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1137 (ബി) - കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ കെ.ആർ.എഫ്.ബി മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ

1. കേരള റോഡ് ഫണ്ട് ബോർഡ് (കെ.ആർ.എഫ്.ബി)

ക്രമ നം.	പ്രവൃത്തിയുടെ പേര്	ഭരണാനുമതി പ്രകാരം അനുവദിച്ച തുക	ചിലവഴിച്ച തുക	നിലവിലെ പുരോഗതി
1	കോതി പാലം - ചക്കുംകടവ് പന്നിയങ്കര മേൽപ്പാലം	15.157 കോടി	0	പെഗ് മാർക്കിംഗ് പൂർത്തീകരിച്ചു.
2	പന്നിയങ്കര - പന്തീരങ്കാവ് റോഡ്	175.061 കോടി	0	കല്ലിടൽ പൂർത്തീകരിച്ചു.
3	മാങ്കാവ് - പൊക്കുന്ന് - പന്തീരങ്കാവ് റോഡ്	199.568 കോടി	0	കല്ലിടൽ പൂർത്തീകരിച്ചു.
4	രാമനാട്ടുകര - വട്ടക്കിണർ റോഡ്	238.96 കോടി	0	കല്ലിടൽ പൂർത്തീകരിച്ചു.
5	കല്ലുത്താൻകടവ് - മീഞ്ചന്ത റോഡ്	153.435 കോടി	0	കല്ലിടൽ പൂർത്തീകരിച്ചു.
6	അരീക്കാട് മേൽപ്പാലം	G.O.(Rt) No. 613/2022/PWD dt. 06.06.2022 പ്രകാരം (ചെറുവണ്ണൂർ അരീക്കാട് മേൽപ്പാല നിർമ്മാണം) ഭരണാനുമതി തുക 255.62 കോടി; കണ്ടിൻജൻസി തുക അനുവദിച്ചത് 50 ലക്ഷം (അരീക്കാട് മേൽപ്പാലം)	₹16,16,097/-	മേൽപ്പാല നിർമ്മാണത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗതിയിലാണ്.

2. കെ.ആർ.എഫ്.ബി - പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (കിഫ്ബി പദ്ധതികൾ)

ക്രമ നം.	പ്രവൃത്തിയുടെ പേര്	അനുവദിച്ച തുക	ചിലവഴിച്ച തുക	നിലവിലെ പുരോഗതി
1	തീരദേശ പാത - ബി.സി റോഡ് മുതൽ കോതി പാലം വരെ (ബേപ്പൂർ മണ്ഡലം ഉൾപ്പെടെ)	86.249 കോടി രൂപ (LA only)	50 ലക്ഷം (LA contingency charge)	10.07.2017 ലെ G.O.(Rt) No. 942/2017/PWD പ്രകാരം 6500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും, 22.08.2023 ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 86.249 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. നിലവിൽ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്. പയ്യാനക്കൽ ഭാഗത്ത് കല്ലുകൾ സ്ഥാപിക്കേണ്ടതുണ്ട്.

ക്രമ നം.	പ്രവൃത്തിയുടെ പേര്	അനുവദിച്ച തുക	ചിലവഴിച്ച തുക	നിലവിലെ പുരോഗതി
2	തീരദേശ പാത - കോതി പാലം മുതൽ പുതിയാപ്പ ഹാർബർ വരെ (എലത്തൂർ മണ്ഡലം ഉൾപ്പെടെ)	ഇല്ല	ഇല്ല	10.07.2017 ലെ G.O.(Rt) No. 942/2017/PWD പ്രകാരം 6500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി DPR തയ്യാറാക്കിവരുന്നു.
3	പാളയം പുഷ്പ ജംഗ്ഷൻ നവീകരണം	ഇല്ല	ഇല്ല	05.11.2022 ലെ G.O.(Rt) No. 1069/2022/PWD പ്രകാരം 200 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ജംഗ്ഷൻ അലൈൻമെന്റ് പ്രകാരം സ്ഥലമേറ്റെടുപ്പിനായി 414.28 കോടി രൂപ അനുവദിക്കുന്നതിനായി കിഫ്ബിയിലേക്ക് സമർപ്പിച്ചിരുന്നെങ്കിലും, അതേ പാതയിലെ മോണോ/മെട്രോ റെയിൽ പദ്ധതിക്കായി KMRL നിർദ്ദേശിച്ചിട്ടുള്ള അലൈൻമെന്റ് സംബന്ധിച്ച നിലവിലെ സ്ഥിതി വിവരങ്ങളും, LA, യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, സിവിൽ വർക്ക് ഉൾപ്പെടെയുള്ള ഏകദേശ ചെലവും ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച് കിഫ്ബിയുടെ 03.02.2024 ലെ കത്ത് പ്രകാരം DPR ഫയൽ തിരികെ നൽകുകയുണ്ടായി.
4	പുതിയപാലത്ത് വലിയപാലം	59.01 കോടി രൂപ	₹38,86,64,049/- (ഫൈനൽ ബിൽ തയ്യാറാക്കി വരുന്നു)	10.07.2017 ലെ G.O.(Rt) No. 942/2017/PWD പ്രകാരം 60 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും, 30.06.2018 ൽ ഭൂമി ഏറ്റെടുക്കലുൾപ്പെടെ 59.01 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. പ്രവൃത്തി 31.03.2026 ൽ പൂർത്തിയായി.